കർഷക സഹായ പദ്ധതി

*14 [302] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കാർഷിക വിളകളുടേയും രൂക്ഷമായ വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനം നിമിത്തമുള്ള ഉൽപ്പാദനക്കുറവും മൂലം മാതൃകാ കർഷകർ പോലും സാമ്പത്തികമായി തകർന്നിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതി കണക്കിലെടുത്ത് മുഴുവൻ കാർഷിക വായ്പകളുടേയും പലിശ, കേന്ദ്ര-സംസ്ഥാന സർക്കാരും ബാങ്കുകളും കർഷകരും സംയുക്തമായി വഹിക്കുന്ന തരത്തിൽ സഹായപദ്ധതി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കർഷകർക്കെതിരായ മുഴുവൻ ജപ്തി നടപടികളും നിർത്തിവെയ്ക്കുവാനും കർഷകർ ഒഴിഞ്ഞുകൊടുക്കേണ്ടിവന്ന ഭൂമി കർഷകനുതന്നെ തിരികെ നൽകാനും നടപടിയെടുക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ചിലരുടെ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടബാദ്ധ്യത മൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി വയനാട്ടിൽ 2001 മുതൽ 2006 വരെ പലിശ ഇളവ് ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിനോട് മുഴുവൻ പലിശയും (സൊസൈറ്റി—ബാങ്ക്) ഇളവുചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഒരു കൊല്ലക്കാലത്തേക്ക് 50,000 രൂപവരെ വായ്പ എടുത്തിട്ടുള്ള കൃഷിക്കാരുടെ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള പലിശ ഇളവു ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ 50,000 രൂപ വരെയുള്ള എല്ലാ കാർഷിക കടങ്ങളും എഴുതിത്തള്ളണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക വായ്പകൾ മൂലം ജപ്തി നടപടികൾക്ക് വിധേയമായ കർഷകരെ സഹായിക്കുന്നതിന് 50,000 രൂപവരെയുള്ള കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്കു സംസ്ഥാന സർക്കാർ മോറോട്ടോറിയം അനുവദിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ഉണ്ടാകുന്ന പലിശയ്ക്കു ഇളവു ചെയ്യാനും തീരുമാനിച്ചു. കൂടാതെ 17-4-2004 മുതൽ ഒരു വർഷത്തേക്കു എല്ലാ ജപ്തി നടപടികളും നിറുത്തിവെയ്ക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കർഷകർക്കെതിരായ എല്ലാ ജപ്തി നടപടികളും നിറുത്തി വെയ്ക്കണമെന്നുള്ള ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ടൂറിസം മേഖലയിൽ കേന്ദ്രസഹായം

*15 [303] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ഡോ. തോമസ് ഐസക്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ ടൂറിസം മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള എന്തെങ്കിലും പദ്ധതിക്ക് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) പദ്ധതിക്ക് രൂപം നൽകിയ ഏജൻസിയെ സംബന്ധിച്ചും പദ്ധതിയുടെ കണക്കാക്കപ്പെട്ട ചെലവും വെളിപ്പെടുത്താമോ;

(സി) പദ്ധതിക്ക് രൂപം നൽകാൻ സാധിച്ചിട്ടില്ലായെങ്കിൽ ഇനിയെങ്കിലും അതിന്, സർക്കാർ തയ്യാറാവുമോ;

(ഡി) കേരളത്തിലെ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് കേന്ദ്രസഹായം പ്രതീക്ഷിക്കുന്നത്?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ, ബി & സി) ഉണ്ട്. സംസ്ഥാനത്തിന് അനുയോജ്യമായ ടൂറിസം പദ്ധതികൾ യോഗ്യരായ ഏജൻസികളെക്കൊണ്ട് ടൂറിസം വകുപ്പ് തയ്യാറാക്കുകയും തുടർന്ന് അവ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയാണ് ചെയ്യുന്നത്. CPWD, KITCO, PWD, എന്നീ ഏജൻസികളും KTDC, BRDC, TRKL എന്നീ സ്ഥാപനങ്ങളും മറ്റ് പ്രധാന ആർക്കിടെക്ടുകളും ഈ സംരംഭത്തിൽ ഉൾപ്പെടുന്നുണ്ട്. പദ്ധതിക്കുവേണ്ടി കണക്കാക്കപ്പെട്ട ചെലവ് 120 കോടി രൂപയാണ്.

(ഡി) കേന്ദ്രസഹായം പ്രതീക്ഷിക്കുന്ന പദ്ധതികളുടെ വിശദവിവര അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്ഥലങ്ങളായി പ്രഖ്യാപിക്കാൻ നടപടി

*16 [304] ശ്രീ. എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളും മുൻനിർത്തി എന്തൊക്കെ പുതിയ സംരംഭങ്ങളാണ് ടൂറിസം മേഖലയിൽ ആരംഭിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലേയും തീർത്ഥാടന കേന്ദ്രങ്ങളും പ്രധാനപ്പെട്ട ടൂറിസ്റ്റ് സ്പോട്ടുകളും സംയോജിപ്പിച്ച് ടൂറിസം ഡെസ്റ്റിനേഷൻ സ്ഥലങ്ങളായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കോടൂറിസം, പിൽഗ്രിം ടൂറിസം മുതലായവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly